# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2236 | 06.10.2016 -ലെ മറുപടിയ്ക്ക്

**<u>നാഷണൽ കൗൺസിൽ ഫോർ ടീച്ചേഴ്സ് എജ്യുക്കേഷൻ</u>**

*ചോദ്യം* | *ഉത്തരം*

ശ്രീ. സി. മമ്മൂട്ടി

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാഷണൽ കൗൺസിൽ ഫോർ ടീച്ചേഴ്സ് എജ്യുക്കേഷന്റെ നിയമങ്ങൾ 2014 ൽ അടിമുടി മാറ്റിയതിന്റെ ഫലമായി ബി.എഡ്./എം.എഡ്. കോളേജുകൾ വലിയ പ്രതിസന്ധി നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | നാഷണൽ കൗൺസിൽ ഫോർ ടീച്ചേഴ്സ് എജ്യുക്കേഷൻ നിയമങ്ങൾ 2014-ൽ മാറ്റിയതിനാൽ ബി.എഡ്/എം.എഡ് കോഴ്സുകളുടെ ദൈർഘ്യം ഒരു വർഷത്തിൽ നിന്നും 2 വർഷമായി ഉയർത്തിയിരുന്നു. രണ്ട് വർഷമാക്കിയതുമൂലമുണ്ടായ അദ്ധ്യാപകരുടെ അധിക ജോലിഭാരം പരിഹരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുകയാണ്. സർക്കാർ ഫീസിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയുന്ന സ്ഥിതിയും സംജാതമായിട്ടുണ്ട്. |
| (ബി) | ബി.എഡ്./എം.എഡ്.കോഴ്സിന്റെ സമയം ഒരു വർഷം എന്നത് രണ്ടു വർഷം ആക്കിയതുകൊണ്ട് അപേക്ഷകരുടെ എണ്ണം കുറഞ്ഞത് വഴി സർക്കാർ, എയിഡഡ് കോളേജുകളിൽ അടക്കം കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എം.എഡ്.കോഴ്സിനു പഴയതു പോലെ കോഴ്സിന്റെ കാലാവധി ഒരു വർഷമായി പുനഃസ്ഥാപിക്കുന്നതിനു എൻ.സി.ടി.ഇ-യുമായും കേന്ദ്ര സർക്കാരുമായും | (സി) | ഇപ്പോൾ പരിഗണനയിലില്ല |

| | | | |
|---|---|---|---|
| | ബന്ധപ്പെടുന്നതിന് ആലോചിക്കുന്നുണ്ടോ; | | |
| (ഡി) | എൻ.സി.ടി.ഇ-യുടെ പുതിയ റെഗുലേഷൻ അനുസരിച്ച് 4 വർഷത്തെ ബി.എ./ബി.എസ്.സി.+ ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ ആരംഭിക്കുവാൻ അർഹതയുള്ള കോളേജുകൾക്ക് അനുവാദം നൽകുന്നത് കൊണ്ട് ബി.എഡ്-ന്റെ കോഴ്സ് സമയം 2 വർഷം ആകുന്നത് കൊണ്ടുള്ള സമയനഷ്ടം ഒഴിവാകുന്നതിനാൽ ഇന്റഗ്രേറ്റഡ് കോഴ്സുകളിൽ ചേരാൻ അപേക്ഷകർ ഉണ്ടാകാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് ഇന്റഗ്രേറ്റഡ് കോഴ്സുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഡി) (ഇ) (എഫ്) & (ജി) | ബി.എ., ബി.എഡ് / ബി.എസ്.സി., ബി.എഡ് ഇന്റഗ്രേറ്റഡ് കോഴ്സുകൾ, ബി.എഡ്. പാർട്ട് ടൈം കോഴ്സുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് യൂണിവേഴ്സിറ്റികളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ പരിശോധിക്കുന്നതാണ്. |
| (ഇ) | ഇല്ലെങ്കിൽ 4 വർഷത്തെ ബി.എ./ബി.എസ്.സി.+ ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾ അർഹതയുള്ള കോളേജുകളിൽ ഉടൻ തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | | |
| (എഫ്) | എൻ.സി.ടി.ഇ-യുടെ പുതിയ റെഗുലേഷൻ അനുസരിച്ച് ബി.എഡ്. പാർട്ട് ടൈം കോഴ്സുകൾ അർഹതയുള്ള സ്ഥാപനങ്ങളിൽ ആരംഭിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ; | | |
| (ജി) | പ്രസ്തുത റെഗുലേഷൻ പ്രകാരം 4 വർഷത്തെ ബി.എ./ബി.എസ്.സി./ ബി.എഡ്. ഇന്റഗ്രേറ്റഡ് കോഴ്സുകൾക്ക് അർഹതയുള്ള സ്ഥാപനങ്ങളിൽ ആരംഭിക്കുന്നതിനും ഇതു വഴി ഈ രംഗത്ത് വന്നിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ